**മധുരമായ കുട്ടികളേ, നിങ്ങൾ ബാബക്കുസമാനം തീർച്ചയായും മുരളീധരനായി മാറണം. മുരളീധരരായ കുട്ടികൾ തന്നെയാണ് ബാബയുടെ സഹായികൾ, ബാബക്ക് അവരിൽ തന്നെയാണ് പ്രീതിയുള്ളത്.**

**ചോദ്യം:–** ഏത് കുട്ടികളുടെ ബുദ്ധിയാണ് വളരെ വളരെ വിനയമുള്ളതായിരിക്കുക?
**ഉത്തരം:–** ആരാണോ അവിനാശി ജ്ഞാനരത്നങ്ങൾ ദാനം ചെയ്ത് സത്യമായ കച്ചവടക്കാരായി മാറുന്നത്, മിടുക്കരായ സെയിൽസ്മാൻ ആയി മാറുന്നത്, അവരുടെ ബുദ്ധി വളരെ വളരെ വിനയമുള്ളതായിരിക്കും. സർവ്വീസ് ചെയ്ത് ചെയ്ത് ബുദ്ധി ശുദ്ധീകരിക്കപ്പെടും. ദാനം ചെയ്യുന്നതിൽ ഒരിക്കലും അഭിമാനം വരരുത്. എല്ലായ്പ്പോഴും ബുദ്ധിയിലുണ്ടായിരിക്കണം ശിവബാബ തന്നത് ദാനം ചെയ്തുകൊണ്ടിരിക്കുകയാണ്. ശിവബാബയെ ഓർമ്മിക്കുന്നതിലൂടെ മംഗളം ഭവിക്കും.

**ഗീതം:–** അങ്ങ് തന്നെയാണ് മാതാവും പിതാവും......

**ഓം ശാന്തി** – കേവലം മാതാ–പിതാ എന്ന ഗീതം കേൾപ്പിക്കുന്നതിലൂടെ പേര് പ്രസിദ്ധമാകില്ല. ആദ്യം ശിവായ നമ: എന്ന ഗീതം കേൾപ്പിച്ച് ശേഷം മാതാ–പിതാ ഗീതം കേൾപ്പിക്കുന്നതിലൂടെ ജ്ഞാനം അറിയാൻ സാധിക്കും. മനുഷ്യർ ക്ഷേത്രങ്ങളിലേക്ക് പോകുന്നു, ലക്ഷ്മീനാരായണന്റെ ക്ഷേത്രത്തിലും പോകുന്നു, കൃഷ്ണന്റെ ക്ഷേത്രത്തിലും പോകുന്നു, എല്ലാവരുടെ മുന്നിലും അങ്ങ് തന്നെയാണ് മാതാപിതാവെന്ന് പാടാറുണ്ട്.... അർത്ഥമറിയാതെ. ശിവായ നമ: ഗീതം കേൾപ്പിക്കുമ്പോൾ പിന്നീട് മാതാ പിതാവെന്ന ഗീതം കേൾപ്പിക്കുന്നതിലൂടെ മഹിമ അറിയാൻ സാധിക്കും. പുതിയവർ ആരു വന്നാലും ഈ ഗീതം നല്ലതാണ്. മനസ്സിലാക്കിക്കൊടുക്കുന്നത് സഹജമാണ്. ബാബയുടെ പേരാണ് ശിവൻ, ശിവൻ സർവ്വവ്യാപിയാണ് എന്ന് പറയാൻ പാടില്ല. അപ്പോൾ മഹിമ എല്ലാവരുടേതും ഒന്നാകില്ലേ. ബാബയുടെ പേര് ശിവനെന്നാണ്. മറ്റൊരാൾക്കും ശിവായ നമ: എന്ന പേര് വെക്കാൻ സാധിക്കില്ല. ബാബയുടെ ഗതിയും മതവും മനുഷ്യരിൽ നിന്ന് വേറിട്ടതാണ്. ദേവതകളിൽ നിന്നും വ്യത്യസ്തമാണ്. ഈ ജ്ഞാനം പഠിപ്പിക്കുന്നത് മാതാപിതാവാണ്. സന്യാസിമാരിൽ മാതാവേയില്ല, അതുകൊണ്ട് അവർക്ക് രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. ശിവായ നമ: എന്നത് ആരെയും പറയാൻ കഴിയില്ല. ദേഹധാരികളെ ശിവായ നമ: എന്ന് പറയില്ല. ഇത് മനസ്സിലാക്കേണ്ടതാണ്. പക്ഷേ നിങ്ങൾ കുട്ടികളും നമ്പർവൈസാണ്. പലയിടത്തും നല്ല കുട്ടികൾ പോലും പോയിന്റുകൾ മിസ്സാക്കാറുണ്ട്. സ്വയം മിത്ഥ്യാജ്ഞാനിയാകും. ഇവിടെ ഹൃദയശുദ്ധി വേണം. ഓരോ കാര്യത്തിലും സത്യം പറയണം, സത്യതയോടെയിരിക്കണം – സമയമെടുക്കും. ദേഹാഭിമാനത്തിലേക്ക് വരുന്നതിലൂടെ അമിതമായ അടുപ്പമെല്ലാം വരും. ഇപ്പോൾ ആർക്കും ദേഹീ അഭിമാനിയാണ് ഞാൻ എന്ന് പറയാൻ സാധിക്കില്ല. ആണെങ്കിൽ കർമ്മാതീതമായി മാറിയിട്ടുണ്ടാകും. നമ്പർവൈസാണ്. ചിലർ വളരെ കുപുത്രരായ കുട്ടികളാണ്. അറിയാൻ സാധിക്കും, ആരാണ് ബാബയുടെ സർവ്വീസ് ചെയ്യുന്നത്. എപ്പോൾ ശിവബാബയുടെ ഹൃദയത്തിലിരിക്കുന്നു അപ്പോൾ രുദ്രമാലയുടെ സമീപത്തു വരും. ഒപ്പം ഹൃദയസിംഹാസനധാരിയുമായി മാറും. ലൗകിക പിതാവിന്റെ ഹൃദയത്തിലും സൽപുത്രരായ കുട്ടികൾക്കേ ഇരിക്കാൻ സാധിക്കൂ, ആരാണോ പിതാവിന്റെ സഹായികളായി മാറുന്നത്. ഇവിടേയും പരിധിയില്ലാത്ത അച്ഛന്റെ അവിനാശിജ്ഞാനരത്നങ്ങളുടെ ജോലിയാണ്. ഈ ജോലിയിൽ സഹായിക്കുന്ന കുട്ടികളിൽ ബാബയും സംപ്രീതനാകും. അവിനാശി ജ്ഞാനരത്നങ്ങൾ ധാരണ ചെയ്ത് ധാരണ ചെയ്യിപ്പിക്കണം. ചിലർ മനസ്സിലാക്കും ഞങ്ങൾ ഇൻഷുർ ചെയ്തുവെന്ന്. അത് നിങ്ങൾക്ക് ലഭിക്കും. ഇവിടെ വളരെയധികം ദാനം ചെയ്യണം. ബാബയെപ്പോലെ അവിനാശി ജ്ഞാനരത്നങ്ങളുടെ ദാനിയായി മാറണം. ബാബ വന്നിരിക്കുകയാണ് ജ്ഞാനരത്നങ്ങളുടെ സഞ്ചി നിറക്കാൻ, ധനത്തിന്റെ കാര്യമല്ല. ബാബക്ക് സൽപുത്രരായ കുട്ടികളോടാണ് പ്രിയം. വ്യാപാരം ചെയ്യാൻ അറിയുന്നില്ലെങ്കിൽ, രത്നാകരന്റെ കുട്ടികൾ എന്ന് എങ്ങനെ പറയാൻ സാധിക്കും? ലജ്ജ തോന്നണം, ഞാൻ ഈ ജോലി ചെയ്യുന്നില്ല. സെയിൽസ് മാൻ പിന്നീട് മിടുക്കരായി കാണപ്പെടുമ്പോൾ അവരെ പിന്നീട് പങ്കച്ചവടക്കാരാക്കുന്നു. ഇവിടെ പെട്ടെന്നൊന്നും പങ്കച്ചവടക്കാരനാകില്ല. ഈ ജോലിയിൽ മുഴുകുന്നതിലൂടെ വളരെ വിനയബുദ്ധിയുണ്ടാകും. സർവ്വീസ് ചെയ്ത് ചെയ്ത് ബുദ്ധി ശുദ്ധമാകും. ബാബയും മമ്മയും തന്റെ അനുഭവം കേൾപ്പിക്കുകയാണ്. ബാബയാണ് പഠിപ്പിക്കുന്നത്, ഇതും അറിയാം ബ്രഹ്മാബാബ നന്നായി ധാരണ ചെയ്ത് നന്നായി മുരളി കേൾപ്പിക്കുകയാണ്. ശരി, മനസ്സിലാക്കൂ ഈ ശരീരത്തിൽ ശിവബാബയുമുണ്ട്, ശിവബാബയാണ് മുരളീധരൻ. പക്ഷേ ഈ ബ്രഹ്മാബാബയും എല്ലാം അറിയുന്നുണ്ട്. അല്ലായെങ്കിൽ എങ്ങനെ ഇത്രയും ഉയർന്ന പദവി ലഭിക്കും? ബാബ മനസ്സിലാക്കിത്തരികയാണ് എല്ലായ്പ്പോഴും മന

സ്സിലാക്കണം ശിവബാബയാണ് കേൾപ്പിക്കുന്നത്. ശിവബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ നന്മയുണ്ടാകും. ഇതിലാണ് ശിവബാബ വരുന്നത്. മമ്മ വേറെ സംസാരിക്കും മമ്മയുടെ യോഗ്യതക്കനുസരിച്ച്. മമ്മയുടെ പേരിനെ പ്രശസ്തമാക്കണം, കാരണം സ്ത്രീകൾക്ക് ലിഫ്റ്റ് കൊടുക്കാറുണ്ട്. പറയാറുണ്ടല്ലോ എങ്ങനെയാണോ, ഏതുപോലെയാണോ, അതേപോലെ എന്റേതാണ്, അതിനാൽ സംരക്ഷിക്കുക തന്നെവേണം. പുരുഷന്മാർ തന്നെയാണ് ഇങ്ങനെ പറയാറുള്ളത്. സ്ത്രീകൾ ഇങ്ങനെ പറയാറില്ല. ബാബ പറയുകയാണ് കുട്ടികളേ, എങ്ങനെയാണോ ഏതുപോലെയാണോ അതുപോലെ നിങ്ങൾ എന്റേതാണ്. ബാബയുടെ പേരിനാണ് പ്രശസ്തി. പിന്നീടാണ് ശക്തികളുടെ പേര് പ്രസിദ്ധമാകുന്നത്. അവർക്ക് സർവ്വീസിന്റെ നല്ല ചാൻസ് ലഭിക്കുന്നു. ഓരോ ദിവസങ്ങൾ കഴിയുമ്പോഴും സർവ്വീസ് വളരെ സഹജമാണ്. ജ്ഞാനവും ഭക്തിയും, രാത്രിയും പകലും, സത്യത്രേതായുഗമാണ് പകൽ, അവിടെയാണ് സുഖം. ദ്വാപരകലിയുഗമാണ് രാത്രി, അവിടെയാണ് ദുഃഖം. സത്യയുഗത്തിൽ ഒരിക്കലും ഭക്തിയില്ല. എത്ര സഹജമാണ്. പക്ഷേ ഭാഗ്യത്തിലില്ലായെങ്കിൽ ധാരണ ചെയ്യാൻ സാധിക്കില്ല. പോയിന്റ്സ് വളരെ സഹജമായാണ് ലഭിക്കുന്നത്. മിത്രസംബന്ധികൾക്കും പോയി മനസ്സിലാക്കിക്കൊടുക്കൂ. വീട്ടുകാരെയും എഴുന്നേൽപ്പിക്കൂ. നിങ്ങൾ ഗൃഹസ്ഥവ്യവഹാരത്തിലിരിക്കുന്നവരാണ്. വളരെ സഹജമായ രീതിയിൽ ആർക്കും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. സദ്ഗതി ദാതാവ് ഒരു പാരലൗകിക പിതാവാണ്. ബാബ അദ്ധ്യാപകനും ആണ്, സത്ഗുരുവും ആണ്. ബാക്കി എല്ലാവരും ദുർഗ്ഗതി ചെയ്യുന്നവരാണ് ദ്വാപരയുഗം മുതൽ. ഭ്രഷ്ടാചാരികളും പാപാത്മാക്കളുമാണ് കലിയുഗത്തിൽ. സത്യയുഗത്തിൽ പാപാത്മാവെന്ന പേരേയില്ല, ഇവിടെയാണ് കൊടുംപാപിയും വേശ്യകളും അഹല്യകളും. ഇവരെല്ലാം പാപാത്മാക്കളാണ്. 2500 വർഷം സ്വർഗ്ഗം എന്ന് അറിയപ്പെടുന്നു. പിന്നീട് ഭക്തി ആരംഭിക്കുന്നു അതായത് പതനം ആരംഭിക്കുന്നു. തീർച്ചയായും വീഴണമല്ലോ. സൂര്യവംശിയിൽനിന്നും വീണ് ചന്ദ്രവംശിയായി മാറുന്നു. ശേഷം വീണുകൊണ്ടിരിക്കുകയാണ്. ദ്വാപരയുഗം മുതൽ വീഴ്ത്തുന്നവരെ മാത്രമാണ് ലഭിക്കുന്നത്. ഇതും നിങ്ങളിപ്പോൾ അറിഞ്ഞു. ദിവസങ്ങൾ പോകുന്തോറും നിങ്ങളിൽ ശക്തി വരും. സന്യാസിമാർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനു വേണ്ടി യുക്തികൾ കണ്ടെത്തണം. അവരും മനസ്സിലാക്കും പരംപിതാ പരമാത്മാവിന് എങ്ങനെ സർവ്വവ്യാപിയാകാൻ സാധിക്കും? മനസ്സിലാക്കിക്കൊടുക്കുന്നതിനു വേണ്ടി ധാരാളം പോയിന്റുകളുണ്ട്. ആദ്യം ഭക്തി അവ്യഭിചാരിയായിരുന്നു. പിന്നീട് വ്യഭിചാരിയായി മാറി. കലകൾ കുറയുന്നു. ഇപ്പോൾ ഒരു കലയുമില്ല. വൃക്ഷത്തിലും സൃഷ്ടിചക്രത്തിലും കാണിച്ചിട്ടുണ്ട് കലകൾ എങ്ങനെയാണ് കുറയുന്നത്. വളരെ സഹജമാണ് മനസ്സിലാക്കിക്കൊടുക്കാൻ, പക്ഷേ ഭാഗ്യത്തിലില്ലായെങ്കിൽ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കില്ല. ദേഹീ അഭിമാനിയാകാൻ സാധിക്കില്ല. പഴയ ശരീരത്തിൽ തൂങ്ങിയിരിക്കും. ബാബ പറയുകയാണ് – ഈ പഴയ ശരീരത്തോടുള്ള മമത്വത്തെ ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ദേഹീ അഭിമാനിയായി മാറുന്നില്ലായെങ്കിൽ പദവിയും ഉയർന്നത് പ്രാപിക്കാൻ സാധിക്കില്ല. വിദ്യാർത്ഥികൾ ആഗ്രഹിക്കില്ല പുറകിലിരിക്കാൻ. പഠിക്കാത്ത കുട്ടികളെ മിത്രസംബന്ധികളും ടീച്ചറും വിദ്യാർത്ഥികളും എല്ലാം മനസ്സിലാക്കും, ഇവർക്ക് പഠിപ്പിൽ ശ്രദ്ധയില്ല എന്ന്. ഇവിടെയും മനസ്സിലാക്കണം ശ്രീമതം അനുസരിക്കുന്നില്ലായെങ്കിൽ ഇതേ അവസ്ഥയായിരിക്കും. ആരു പ്രജയായി മാറും, ആര് ദാസ ദാസിയാകും, എല്ലാം മനസ്സിലാക്കാൻ സാധിക്കും. ബാബ മനസ്സിലാക്കിത്തരികയാണ് തന്റെ മിത്രസംബന്ധികളുടേയും നന്മ ചെയ്യൂ. ഇതൊരു നിയമമാണ്. വീട്ടിൽ വലിയ സഹോദരനുണ്ട് എങ്കിൽ ചെറിയ സഹോദരനെ സഹായിക്കേണ്ടത് കടമയാണ് – ഇതിനെയാണ് പറയുന്നത് ധർമ്മം ആരംഭിക്കേണ്ടത് ആദ്യം വീട്ടിൽ നിന്നുതന്നെ. ബാബ പറയുകയാണ് ധനം കൊടുക്കാതെ ധനം വർദ്ധിക്കില്ല... ധനം കൊടുക്കുന്നില്ലായെങ്കിൽ പദവിയും ലഭിക്കില്ല. ചാൻസ് ധാരാളം ലഭിക്കുന്നുണ്ട്. ദയാമനസ്കരായി മാറണം. നിങ്ങൾക്ക് സന്യാസിമാരോടും, സാധുക്കളോടും ദയാമനസ്കരായി മാറണം. അവരോടു പറയൂ വന്ന് മനസ്സിലാക്കാൻ. നിങ്ങൾ തന്റെ പാരലൗകിക പിതാവിനെ അറിയുന്നില്ല, ആരാണ് പിതാവ് ആ പിതാവ് ഓരോ കൽപ്പത്തിലും സദാ സുഖത്തിന്റെ സമ്പത്ത് നൽകുന്നു. ഇതാരും അറിയുന്നില്ല. ഇന്ന് ഓഫീസർമാർ പോലും ഭ്രഷ്ടാചാരികളാണ്. എങ്കിൽ ആർക്കാണ് ശ്രേഷ്ഠാചാരികളാക്കി മാറ്റാൻ സാധിക്കുക?

ഇന്ന് സന്യാസിമഠത്തിന് വലിയ അംഗീകാരമാണ്. നിങ്ങൾ എഴുതണം – ബാബ ഇവരോടുപോലും ദയ കാണിക്കുന്നു, അവരും അത്ഭുതപ്പെടും. മുന്നോട്ടു പോകുന്തോറും നിങ്ങളുടെ പേര് പ്രശസ്തമാകും. നിങ്ങളുടെ അടുക്കൽ ധാരാളം പേർ വരും പ്രദർശിനികളെല്ലാം ഉണ്ടായിരിക്കും. അവസാനം എല്ലാവരും ഉണരുകതന്നെ ചെയ്യും. സന്യാസിമാരും ഉണരും. എവിടെ പോകാനാണ്, ഇത് ഒരൊറ്റ കടയാണ്. നല്ല പുരോഗതിയും ഉണ്ടാകും. നല്ല നല്ല ചിത്രങ്ങൾ ഉണ്ടാകും മനസ്സിലാക്കിക്കൊടുക്കുന്നതിനു വേണ്ടി, ആർക്കു വേണമെങ്കിലും വന്ന് പഠിക്കാൻ കഴിയും. എപ്പോൾ വൈക്കോൽ കൂനക്ക് അഗ്നിബാധയുണ്ടാകുന്നു അപ്പോൾ മനുഷ്യർ ഉണരും, പക്ഷേ അപ്പോഴേക്കും വളരെ വൈകിയിരിക്കും. കുട്ടികളെ സംബന്ധിച്ചും ഇങ്ങനെയാണ്. അവസാനം എത്ര ഓടാൻ സാധിക്കും മത്സരത്തിൽ ചിലർ ആദ്യം പതുക്കെ പതുക്കെയെ

ഓടൂ. ജയിച്ചവർക്കുള്ള പ്രൈസ് കുറച്ചു പേർക്കേ ലഭിക്കുള്ളൂ. നിങ്ങളുടേതും ഓട്ടപ്പന്തയമാണ്. ആത്മീയ യാത്രയുടെ ഓട്ടപ്പന്തയത്തിനുവേണ്ടി ജ്ഞാനി-യോഗി ആത്മാവായി മാറണം. ബാബയെ ഓർമ്മിക്കൂ, ഇതും ജ്ഞാനമല്ലേ. ഈ ജ്ഞാനം ആർക്കും ഇല്ല. ജ്ഞാനത്തിലൂടെയാണ് മനുഷ്യർ വജ്രസമാനമായി മാറുന്നത്. അജ്ഞാനത്തിലൂടെ കക്കക്കു സമാനമായി മാറുന്നു. ബാബ വന്ന് സതോപ്രധാന പ്രാലബ്ധം ഉണ്ടാക്കുകയാണ്. പിന്നീട് അൽപാൽപം കുറയുന്നു. ഇതെല്ലാ പോയിന്റുകളും ധാരണ ചെയ്ത് കർമ്മ ത്തിലേക്ക് കൊണ്ടുവരണം. നിങ്ങൾ കുട്ടികൾക്കും മഹാദാനിയായി മാറണം. ഭാരതത്തെ മഹാദാനിയെന്ന് പറയും. കാരണം ഇവിടെയാണ് നിങ്ങൾ ബാബയുടെ മുന്നിൽ ശരീരം,മനസ്സ്, ധനം എല്ലാം അർപ്പണം ചെയ്യുന്നത്. ബാബയും ഇവിടെ എല്ലാം അർപ്പിക്കുകയാണ്. ഭാരതം വലിയ മഹാദാനിയാണ് ബാക്കി മനു ഷ്യരെല്ലാവരും അന്ധവിശ്വാസത്തിൽ കുരുങ്ങിയിരിക്കുന്നു. ഇവിടെ നിങ്ങൾ ഈശ്വരന്റെ ശരണത്തി ലേക്ക് വന്നു. രാവണന്റെ ദുഖത്തിൽനിന്നും മാറി രാമന്റെ അഭയത്തിലേക്ക് എത്തി. ചിലർ ചെറുപ്പത്തിലേ നിർബന്ധം കൊണ്ട് ഇവിടെ വരും, അവർക്ക് ഇവിടത്തെ ശരണത്തിൽ സുഖം കിട്ടില്ല. ഭാഗ്യത്തിലുണ്ടാ കില്ല. അവർ വീണ്ടും മായയെ അഭയം പ്രാപിക്കും. ഈശ്വരന്റെ ശരണാഗതിയിൽനിന്നും മാറി മായയുടെ ശരണാഗതിയിലേക്കുപോകുന്നു. ആശ്ചര്യത്തിന്റെ കാര്യമല്ലേ?

ശിവായ നമ: ഗീതം വളരെ നല്ലതാണ്. നിങ്ങൾ ആ പാട്ട് വെക്കണം. മനുഷ്യർക്ക് ഇതിന്റെ അർത്ഥം മന സ്സിലാക്കാൻ സാധിക്കില്ല. നിങ്ങൾ പറയൂ ഞങ്ങൾ ശ്രീമതത്തിന്റെ യഥാർത്ഥം മനസ്സിലാക്കിത്തരാം എന്ന്. അവരുടേത് ബൊമ്മക്കളിയാണ്. ഡ്രാമയനുസരിച്ച് ഈ ഗീതങ്ങളുടെ സഹായം ലഭിക്കുന്നു. ബാബയുടേ തായി മാറി സർവ്വീസബിളായി മാറുന്നില്ലായെങ്കിൽ എങ്ങനെ ഹൃദയത്തിലിരിക്കാൻ സാധിക്കും? ചില കുട്ടികൾ കുപുത്രന്മാരായി മാറുന്നു. എത്ര ദുഃഖമാണ് കൊടുക്കുക. ഇവിടെ അമ്മ മരിച്ചാലും ഹൽവ കഴി ക്കും, ഭാര്യ മരിച്ചാലും ഹൽവ കഴിക്കും. കരയരുത്. ഡ്രാമയിൽ ഉറച്ചവരായിരിക്കണം. മമ്മയും ബാബയും പോകും, ആദിരത്നങ്ങളും അഡ്വാൻസ് പാർട്ടിയിൽ പോകും. പാർട്ട് അഭിനയിക്കണമല്ലോ. ഇതിൽ ചിന്ത യുടെ കാര്യമെന്താണ്. സാക്ഷിയായിരുന്നുകൊണ്ട് എല്ലാ കളിയും കാണണം. അവസ്ഥ സദാ സന്തോഷ മായിരിക്കണം. ബാബക്കും ചിന്ത വരാറുണ്ട്, തീർച്ചയായും വരും അതാണ് നിയമം. മമ്മയും ബാബയും പരിപൂർണ്ണമായി ഇങ്ങനെയല്ല. പരിപൂർണ്ണ അവസ്ഥ അന്തിമത്തിലാണ്. ഈ സമയം ആരേയും തന്നെ പരി പൂർണ്ണരെന്ന് പറയാൻ സാധിക്കില്ല. എന്തെങ്കിലും നഷ്ടമുണ്ടായി, എന്തെങ്കിലും ഉരസലുണ്ടായി, പത്രങ്ങ ളിലും ബി.കെ യുടെ പേരിൽ കിംവദന്തി വന്നു, ഇതും കഴിഞ്ഞ കൽപ്പത്തിലുണ്ടായിരുന്നതായിരുന്നു. ചിന്തയുടെ കാര്യമെന്താണ്, 100 ശതമാനമുള്ള അവസ്ഥ അന്തിമത്തിലേ ഉണ്ടാകൂ. ബാബയുടെ ഹൃദയ ത്തിൽ അപ്പോഴേ ഇരിക്കാൻ സാധിക്കൂ എപ്പോഴാണോ ദയാമനസ്കരായി മാറുന്നത്, തനിക്കുസമാന മാക്കി മാറ്റുന്നത്. ഇൻഷർ ചെയ്തു അത് വേറെ കാര്യം. അത് തനിക്കുവേണ്ടി ചെയ്തതാണ്. ഈ ജ്ഞാനരത്നങ്ങളുടെ ദാനം മറ്റുള്ളവർക്ക് കൊടുക്കണം. ബാബയെ ഓർമ്മിക്കുന്നില്ലായെങ്കിൽ വികർമ്മ ങ്ങളുടെ ഭാരം തലയിൽത്തന്നെയുണ്ടാകും. അത് ഒരുനാൾ തുറക്കും. പ്രദർശിനിയിൽ മനസ്സിലാക്കിക്കൊ ടുക്കാൻ യോഗ്യത വേണം മിടുക്കരായി മാറണം. രാത്രിയിൽ ബാബയെ ഓർമ്മിക്കുമ്പോൾ ആനന്ദം തോന്നും. ഈ ആത്മീയ പ്രിയതമനെ പ്രഭാതത്തിൽ ഓർമ്മിക്കണം. ബാബാ അങ്ങെത്ര മധുരമാണ്. എന്തിൽനിന്നും എന്താക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ഹൃദയംകൊണ്ട് സദാ സത്യമായിരിക്കണം. സത്യം പറയണം, സത്യമായിട്ടിരിക്കണം, ദേഹാഭിമാന ത്തിന് വശപ്പെട്ട് മിഥ്യാജ്ഞാനിയാകരുത്. അഹങ്കാരത്തിലേക്ക് വരരുത്.

2) സാക്ഷിയായിരുന്നുകൊണ്ട് കാണണം. ഡ്രാമയിൽ ഉറച്ചിരിക്കണം. ഒരു കാര്യത്തേക്കുറിച്ചും നിരാശ പ്പെടരുത്. അവസ്ഥ സദാ സന്തോഷത്തിൽ വെക്കണം.

**വരദാനം:- സ്വരാജ്യ സത്തയിലൂടെ വിശ്വ രാജ്യ സത്ത പ്രാപ്തമാക്കുന്ന മാസ്റ്റർ സർവ്വശക്തിവാനായി ഭവിക്കൂ**

ആരാണോ ഈ സമയം സ്വരാജ്യ സത്തധാരി അർത്ഥം കർമ്മേന്ദ്രിയ ജീത്തായിട്ടുള്ളത് അവരാണ് വിശ്വത്തിന്റെ രാജ്യ സത്ത പ്രാപ്തമാക്കുന്നത്. സ്വരാജ്യ അധികാരി തന്നെയാണ് വിശ്വരാജ്യ അധികാരിയാകുന്നത്. അതുകൊണ്ട് പരിശോധിക്കൂ മനസ്സ്-ബുദ്ധി-സംസ്ക്കാരം ഏതെല്ലാമാണോ ആത്മാവിന്റെ ശക്തികൾ, ആത്മാവ് ഇവ മൂന്നിന്റേയും അധികാരിയാണോ? മനസ്സ് താങ്കളെ നടത്തുകയാണോ അതോ താങ്കൾ മനസ്സിനെ നടത്തുകയാണോ? ഒരിക്കലും സംസ്ക്കാരം തന്നിലേക്ക് ആകർഷിക്കുന്നില്ലല്ലോ? സ്വരാജ്യ അധികാരിയുടെ സ്ഥിതി സദാ മാസ്റ്റർ സർവ്വശക്തിവാന്റേതാണ്, അതിൽ ഒരു ശക്തിയുടേയും കുറവുണ്ടായിരിക്കില്ല.

**സ്ലോഗൻ:- സർവ്വ ഖജനാവുകളുടേയും ചാവി - "എന്റെ ബാബ" കൂടെയുണ്ടെങ്കിൽ ഒരാകർഷണത്തിനും ആകർഷിക്കാൻ സാധിക്കില്ല.**